തയ്യാറാക്കുക, അക്കൗണ്ടന്റ് ജനറലിന് കൃത്യസമയത്ത് അക്കൗണ്ടുകൾ സമർപ്പിക്കുക എന്നിവയാണ് ട്രഷറി കംപ്യൂട്ടർവൽക്കരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം നിലവിൽ വരുന്നതോടുകൂടി സർക്കാരിന്റെ സാമ്പത്തിക നില യഥാസമയം അറിയാൻ സാധിക്കുന്നു. വ്യക്തികൾക്ക് ഏത് ട്രഷറിയിൽ നിന്നും അയാളുടെ ബില്ലുകൾ മാറാൻ സാധിക്കുന്നതാണ്.

(സി) മൂന്ന് ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ജീവനക്കാർക്ക് പരിശീലനം നൽകുന്നതിലേക്കായി കെൽട്രോൺ, ഐ.എം.ജി., എൽ.ബി.എസ്., എൻ.ഐ.സി. എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ പരിശീലന പദ്ധതിയ്ക്ക് രൂപം നൽകി. ജൂനിയർ അക്കൗണ്ടന്റുമാർ മുതൽ ജില്ലാ ട്രഷറി ഓഫീസർമാർ വരെയുള്ളവർക്ക് ഘട്ടംഘട്ടമായി പരിശീലനം നൽകി വരുന്നു.

(ഇ) രണ്ടായിരാമാണ്ടിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിയ്ക്കുന്നു.

അഡീഷണൽ ട്രഷറി ജീവനക്കാരനായ ശ്രീ. പ്രഭാകരനെതിരെ അച്ചടക്ക നടപടി

36 (1859) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടക്ക നടപടിയുടെ ഭാഗമായി ട്രഷറി വകുപ്പിലെ അഡീഷണൽ സബ് ട്രഷറി ജീവനക്കാരനായ ശ്രീ. വി. പ്രഭാകരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അദ്ദേഹത്തിന് നോട്ടീസ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാർ കലാസാഹിത്യ-സാംസ്ക്കാരിക പരിപാടികളിൽ പങ്കെടുക്കുന്നതിന് നിലവിലുള്ള നിയമ പ്രകാരം എന്തെങ്കിലും തടസ്സമുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ പൊതുവേദികളിൽ പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തതിന്റെ പേരിലാണ് അച്ചടക്ക നടപടികൾ ആരംഭിച്ചത്.

(സി) നിലവിലുള്ള ചട്ടപ്രകാരം കലാ-സാഹിത്യ-സാംസ്ക്കാരിക പരിപാടികളിൽ പങ്കെടുക്കുന്നതിന് ജീവനക്കാർ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്.

മണി ഓർഡർ വഴി പെൻഷൻ നൽകുന്നതിന് ചെലവ്

37 (1860) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാർക്ക് മണി ഓർഡർ വഴി പെൻഷൻ എത്തിച്ചുകൊടുക്കുന്ന വകയിൽ പ്രതിമാസം എന്തുതുക സർക്കാരിന് പോസ്റ്റൽ ചാർജായി ചെലവാകുന്നുണ്ട്;

(ബി) പ്രസ്തുത തുക ലാഭിക്കത്തക്കവിധത്തിൽ പെൻഷൻ തുക മറ്റി തര മാർഗത്തിൽ എത്തിച്ചുകൊടുക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാർക്ക് മണിഓർഡർ ആയി പെൻഷൻ അയച്ചുകൊടുക്കുന്നതിന് മണി ഓർഡർ കമ്മീഷനായി കഴിഞ്ഞ സാമ്പ ത്തികവർഷത്തിൽ 10,58,53,284/-രൂപ സർക്കാർ ചെലവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത തുക ലാഭിക്കത്തക്ക വിധത്തിൽ പെൻഷൻ തുക മറ്റിതര മാർഗത്തിൽ എത്തിച്ചുകൊടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങ ളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

ഏകാംഗ ട്രഷറികൾ

38 (1861) ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം, പത്തിയൂർ, കണ്ട ല്ലൂർ, ദേവികുളങ്ങര എന്നീ പഞ്ചായത്തുകളിൽ ഏകാംഗ ട്രഷറികൾ അനുവ ദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ അടിയന്തിരമായി തുറന്ന് പ്രവർത്തിക്കാൻ നട പടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം, പത്തിയൂർ, കണ്ട ല്ലൂർ എന്നീ പഞ്ചായത്തുകളിൽ ഏകാംഗ ട്രഷറികൾ സർക്കാർ തത്വത്തിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവ പ്രവർത്തനം തുടങ്ങിയിട്ടില്ല. ദേവികുളങ്ങര പഞ്ചായത്തിൽ ഏകാംഗ ട്രഷറി അനുവദിച്ചിട്ടില്ല.

(ബി) 25.8.98 ന് ബഹു: ധനകാര്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ട്രഷറി കംപ്യൂട്ടറൈസേഷൻ പൂർത്തിയായതിനുശേഷം പുതിയ ഏകാംഗ ട്രഷറികൾ തുറന്ന് പ്രവർത്തിപ്പിച്ചാൽ മതിയെന്ന് തീരുമാന മായി. ഇതിന്റെ വെളിച്ചത്തിൽ അവ ഉടൻ പ്രവർത്തനം ആരംഭിക്കാൻ നിർവ്വാ ഹമില്ല.

ട്രഷറികളിലെ നീക്കിയിരിപ്പ്

39 (1862) ശ്രീ. എ.കെ. മണി :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 ാമാണ്ടിൽ ഇതുവരെ സംസ്ഥാനത്തെ ട്രഷറികളിൽ പബ്ലിക് അക്കൗണ്ട്സ് ഇനത്തിൽ എന്തു തുക ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly